·

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നാദാപുരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.കെ.ഡി.പി.9/1596 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഫോൺ – 0495 2371012
ഇ-മെയിൽ – dokkd.ksad@kerala.gov.in

തീയതി-07.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നാദാപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നാദാപുരം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ. കെ.കെ.ഡി.പി.9/1596 /2019 തിയ്യതി: 07.11.2019

# കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമ പഞ്ചായത്ത് 19/01/2019 മുതൽ 23/08/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വാസുദേവൻ എം,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24/08/2019മുതൽ 04/09/2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ബാലകൃഷ്ണൻ കെ.എം | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.ജയകുമാർ പാലോളി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജീവൻ എൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജാസിർ സി.എം. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സഫീറ മൂന്നാംകുനി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. സുരേഷ്ബാബു പി.എം. | 01/04/2018 മുതൽ 30/11/2018 വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| | ശ്രീ. ദിലീപ് ബി<br>(സെക്രട്ടറി ഇൻ ചാർജ്) | 01/12/2018 മുതൽ 22/01/2019 വരെ |
| | കെ.എസ്. ജോസ്മോൻ | 23/01/2019 മുതൽ 31/03/2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | അനിൽ ഡി | 01.04.2018 മുതൽ 19/11/2018വരെ |
| | ശ്രീ. ദിലീപ് ബി | 20/11/2018 മുതൽ 31/03/2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. അജിത്കുമാർ | 01.04.2018മുതൽ 08/07/2018 വരെ |
| | സനിഷ പി | 09/07/2018 മുതൽ 08/08/2018 വരെ |
| | ശോഭ ജെയിംസ് | 09/08/2018 മുതൽ 14/09/2018 വരെ |
| | ശിൽപ ആനന്ദ് | 15/09/2018 മുതൽ 31/03/2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. റൈഹാനത്ത് | 01.04.2018മുതൽ 04/09/2018 വരെ |
| | ശ്രീമതി.സജീറ സി ചാത്തോത്ത് | 05/09/2018മുതൽ 20/01/2019 വരെ |
| | ഇബ്രായി കെ.എൻ. | 21/01/2019 മുതൽ 31/03/2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഗിരീഷ്കുമാർ | 01.04.2018മുതൽ 18.09.2018വരെ |
| | ഡോ.ശിൽപരാജ് | 19/09/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ഗീത ഗുരുദാസ് | 01.04.2018മുതൽ 22.04.2018വരെ |
| | ഡോ. അരവിന്ദാക്ഷൻ | 23/04/2018 മുതൽ 06/09/2018 വരെ |
| | ഡോ. മോഹനൻ ഇ | 07/09/2018 മുതൽ |

| | | |
|---|---|---|
| | | 04/10/2018 വരെ |
| | ഡോ.അരവിന്ദാക്ഷൻ | 05/10/2018 മുതൽ<br>31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ. ഷംസുദ്ദീൻ. കെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.തൻസീറ കെ. | 01/04/2018 മുതൽ<br>31/03/2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കൗസല്യ ബി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.നിസാർ യു.പി. | 01.04.2018മുതൽ 31.03.2019 വരെ |
| | രാജേഷ് കെ. | 01.04.2018മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.പത്മനാഭൻ ഇ.എം | 01.04.2018 മുതൽ 16/07/2018 വരെ |
| | ശ്രീകാന്തി എൻ | 17/07/2018 മുതൽ<br>05/09/2018 വരെ |
| | മുഹമ്മദ്നവാസ് | 06/09/2018 മുതൽ<br>05/12/2018 വരെ |
| | അനുപമ സുഗതൻ | 06/12/2018 മുതൽ<br>31/03/2019 വരെ |
| ഹെഡ്മാസ്റ്റർ | മൊയ്തു പി.സി | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 – ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തികവിശകലനം | 1-3 |
| 4 | ആഭ്യന്തരനിയന്ത്രണം | 1-4 |
| 5 | വാർഷിക കണക്കുകളിലെ – അപാകതകൾ | 1-5 |
| | | |

| | | |
|---|---|---|
| 6 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 1-6 |
| 7 | കമ്മ്യൂണിറ്റി ഹാൾ കം-കല്ല്യാണ മണ്ഡപം – നടത്തിപ്പിലെ അപാകതകൾ | 1-7 |
| 8 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ – അപാകതകൾ | 1-8 |
| 9 | തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചില്ല. | 1-9 |
| 10 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക മുതൽക്കുട്ടിയില്ല | 1-10 |
| 11 | പദ്ധതി അവലോകനം | 1-11 |
| 12 | കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-12 |
| 13 | മാലിന്യസംസ്കരണം – എം.സി.എഫ്/ആർ.ആർ.എഫ്. സ്ഥാപിക്കൽ പ്രൊജക്റ്റ് പൂർത്തിയായില്ല | 1-13 |
| 14 | തെരുവ് വിളക്കുകൾ – പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ | 1-14 |
| 15 | വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ – സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള ആവശ്യങ്ങൾ പരിഹരിക്കപ്പെട്ടില്ല. | 1-15 |
| 16 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് – ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചില്ല. | 1-16 |
| 17 | പട്ടികജാതി വിഭാഗത്തിന് ഇരുചക്രവാഹനം നൽകൽ – ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനഹായം നൽകി | 1-17 |
| 18 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുകൾ ലഭിച്ചില്ല | 1-18 |
| 19 | റോഡ് പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷനിൽ -ഓവർ ഹെഡ് ചാർജ്ജ് നൽകുന്നത് അനർഹമായ നിരക്കിൽ | 1-19 |
| 20 | പൊതുമരാമത്ത് പ്രവൃത്തികൾ – നിർവ്വഹണം നടന്നില്ല | 1-20 |
| 21 | എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം – പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാകുന്നതെങ്ങിനെയെന്ന് വ്യക്തമല്ല. | 1-21 |
| 22 | കക്കംവെള്ളി അങ്കണവാടി കെട്ടിടം – നിർമ്മാണം പൂർത്തീകരിച്ചില്ല | 1-22 |
| 23 | കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-23 |
| 24 | മരാമത്ത് പ്രവൃത്തികൾ – വിവിധ നികുതികൾ ഈടാക്കുന്നതിലും സെക്യൂരിറ്റി നിക്ഷേപം സ്വീകരിച്ചതിലും അപാകത | 1-24 |
| | **ഭാഗം 3**<br>**ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 25 | പട്ടികജാതി വിഭാഗത്തിന് ഇരുചക്രവാഹനം നൽകൽ -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി. | 3-1 |
| | | |

| | | |
|---|---|---|
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 26 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 27 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 30 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 31 | സ്ഥിരനിക്ഷേപം | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 34 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 37 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

13.3.2018 ലെ 48/18 നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 2.3.2019 ലെ 39/19 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.7.2019 | 29.5.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,20,25,094 |
| വരവ് | 9,76,28,145 |
| ആകെ | 10,96,53,239 |
| | |

| | |
|---|---|
| ചെലവ് | 8,42,51,896 |
| നീക്കിയിരിപ്പ് | 2,54,01,343 |

# 1-4 ആഭ്യന്തരനിയന്ത്രണം

തൻവർഷം ഒരു തവണ മാത്രമാണ് ( 07/11/18) പൊതുഭരണവും ധനകാര്യവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നത്. മിനിട്സ് പരിശോധിച്ചതിൽ നികുതി/നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിൽ ക്രിയാത്മക ചർച്ചകൾ നടന്നതായോ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് വെച്ചതായോ കാണുന്നില്ല.ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കണമെന്ന 06/02/2018 ലെ ഓഫീസ് ഓർഡറിലെ നിർദ്ദേശം പാലിച്ചിട്ടില്ല. ഇക്കാര്യം മേലുദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല.രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിക്കുന്നില്ല.ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12.04.2018 ലെ തീരുമാനപ്രകാരം വീട് പുതുക്കി പണിതവരിൽ നികുതിയിൽ മാറ്റം വരുത്താത്തവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് വാർഡ് ക്ലർക്കമാർക്ക് നിർദ്ദേശം നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ തീരുമാനം നടപ്പിലായിട്ടില്ല. വസ്തുനികുതി സംബന്ധിച്ച ഡി.സി.ബി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. KURDFC-ൽ നിന്ന് വായ്പയെടുത്ത് കമ്മ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപം നിർമ്മിച്ചതിന് 2.25 കോടി രൂപ ചെലവഴിച്ചെങ്കിലും വരുമാനം വർഷം തോറും കുറഞ്ഞുവരുന്നതായി കാണുന്നു. തൻവർഷത്തെ വരുമാനം 315000 രൂപ മാത്രമാണ്. ഇതുസംബന്ധിച്ച അപാകതകൾ മുൻ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും അപാകത പരിഹരിക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് വർഷം എല്ലാമാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ചുചേർത്തിട്ടില്ല. അഡ്വാൻസ് ഇനത്തിൽ വൻതുക ക്രമപ്പെടുത്താനവശേഷിക്കുന്നതായി കാണുന്നു. ഡെപ്പോസിറ്റ് ഇനത്തിൽ 2012-13 മുതലുള്ള തുക നീക്കിയിരിപ്പുണ്ട്. ഡെപ്പോസിറ്റിന്റെ വർഷം തിരിച്ചുള്ള നീക്കിയിരിപ്പ് രേഖപ്പെടുത്തുകയോ കാലഹരണപ്പെട്ടവ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല.

# 1-5 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1) വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ,പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2) ഡെവലപ്മെന്റ് ഫണ്ട് ഇനത്തിൽ എ.സി.ആർ പ്രകാരം ചെലവ് 1364702 രൂപയും വാർഷിക കണക്ക് പ്രകാരം ചെലവ് 1259009 രൂപയുമാണ് ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) ജനറൽ പർപ്പസ് ഫണ്ടിന്റെ എ.സി.ആർ പ്രകാരമുള്ള വരവ് 18039282 രൂപയും വാർഷിക കണക്ക് പ്രകാരമുള്ള വരവ് 15729422 രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4) വാർഷിക കണക്ക് പ്രകാരമുള്ള വസ്തുനികുതി കറന്റ്,അരിയർ ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ ,ബാലൻസ് എന്നിവ ഡി.സി.ബി. റിപ്പോർട്ട് പ്രകാരമുള്ള ഡിമാന്റ് ,കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5) ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത, നിർമ്മിക്കപ്പെട്ടവ ആസ്തിയായി വരവ് വെച്ചോ എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല.

6) ബാലൻസ്ഷീറ്റിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

7) വാർഷിക കണക്കുകൾ പ്രകാരം (ബാലൻസ്ഷീറ്റ് ബി-8) ഡെപ്പോസിറ്റ് പ്രവൃത്തി ഇനത്തിൽ നീക്കിയിരിപ്പ് തുക 6000 രൂപ മാത്രമാണ്. എന്നാൽ വാട്ടർ അതോറിറ്റി ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവഴിക്കാനവശേഷിക്കുന്ന തുക 1351877 രൂപയാണ്.

8) അഡ്വാൻസ് രജിസ്റ്റർ ,ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 എന്നിവ പ്രകാരം 1914175രൂപ അഡ്വാൻസ് ഇനത്തിൽ ക്രമപ്പെടുത്താനവശേഷിക്കുന്നുണ്ട്. ഇതിൽ 1446475 രൂപ Advance to implementing officers എന്ന ഹെഡിൽ ക്രമപ്പെടുത്താനവശേഷിക്കുന്നതായി കാണുന്നു. ഈ തുകയുടെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ലഭ്യമല്ല.

# 1-6 വസ്തു നികുതി നിർണയിച്ചതിലെ അപാകതകൾ

**1.വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ നഷ്ടം**

നാദാപുരം ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ , സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1) ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 70 രൂപ നിരക്കിലും 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 80 രൂപ നിരക്കിലുമാണ് ഭരണസമിതി തീരുമാനപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന ക്രമ നം 1 മുതൽ 12 വരെ യുള്ള ഘടകങ്ങളിൽ രണ്ടോ അതിലധികമോ ഘടകങ്ങൾ ഒരേ സമയം ബാധകമാവുകയാണെങ്കിലോ ക്രമ നം 13,14 എന്നിവയിൽ പാരാമർശിച്ച ഏതെങ്കിലുമൊരു ഘടകം ബാധകമാവുകയാണെങ്കിലോ പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിനു ബാധകമാവുന്ന രീതിയിൽ വസ്തു നികുതി നിർണയിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്.

| | | |
|---|---|---|
| 1. | കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 7, ഉപ വകുപ്പ് 9) |
| 2. | വഴിസൗകര്യത്തിന്റെ ലഭ്യത | |
| 3. | മേൽക്കൂരയുടെ നിർമിതി | |
| 4. | കെട്ടിടത്തിന്റെ കാലപ്പഴക്കം | |
| 5. | തറയുടെ നിർമിതി | |
| 6. | എയർകണ്ടീഷനിംഗ് സൗകര്യം | |
| താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ | | |
| 7. | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 2, ഉപ വകുപ്പ് 9),2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും |
| | വ്യവസായിക ആവശ്യത്തിനായി | |

| | | |
|---|---|---|
| | ഉപയോഗിക്കുന്നവ | സേവന ഉപനികുതിയും സർചാർജ്ജം) ചട്ടങ്ങളിലെ ചട്ടം 3(5),4(1)) |
| 8. | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| 9. | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | |
| 10. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 11. | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| 12. | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |
| 13. | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജം) ചട്ടങ്ങളിലെ ചട്ടം 3(4) |
| 14 | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ | |

മേൽ പരാമർശിക്കാത്ത കാരണങ്ങളാൽ ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്തിൽ നികുതി നിർണയിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമ | കെട്ടിട നം | കെട്ടിട നം/പ്ലിന്ത് ഏരിയ | ഈടാക്കിയ നികുതി | അടിസ്ഥാന വസ്തുനികുതിയിന്മേലുള്ള ഇളവുകൾ | വർദ്ധനവ് | ഈടാക്കേണ്ട നികുതി | നഷ്ടം |
|---|---|---|---|---|---|---|---|---|
| 1 | ശ്രീ.പി.ടി.കെ മൊയ്തു പാറക്ക് താഴെ കുനിയിൽ | 22/ 535A | കെട്ടിട നം -535A ഗ്രൌണ്ട് ഫ്ലോർ-298.05 $m^2$ | 25037/- | 0 | 20%- 4173/- (വഴി സൌകര്യം) | 28613/- | 3576/- |
| 2 | ശ്രീ.പി.ടി.കെ മൊയ്തു പാറക്ക് താഴെ കുനിയിൽ | 3/34A | കെട്ടിട നം-535B ഒന്നാം നില-311.28 $m^2$ | 26148/- | 5%(നിലയുടെ അടിസ്ഥാന ത്തിൽ ) | 20%(വഴി സൌകര്യം) 1245/- | 28638 (ഗ്രൌണ്ട് ഫ്ലോർ+ ഒന്നാം നില) 4980/- | 2490/- |
| | | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | ശ്രീ.പി.ടി.കെ മൊയ്തു പാറക്ക് താഴെ കുനിയിൽ | 3/34B | കെട്ടിട നം-535C. രണ്ടാം നില-333.3 $m^2$ | 25199 | 10%(നിലയുടെ അടിസ്ഥാന ത്തിൽ ) 2667/- | 20%(വഴി സൌകര്യം) 5332/- | 29329/- | 4130/- |
| | | | | | | | | |

അപാകതകൾ പരിഹരിക്കേണ്ടതാണ്.

**2-ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിച്ചിട്ടില്ല.**

സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നാദാപുരം ഗ്രാമപഞ്ചായത്തിൽ 11282 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും 6279 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുമാണുള്ളത്. 12.04.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അജണ്ട-1തീരുമാനം നം 3/4 പ്രകാരം ഗ്രാമപഞ്ചായത്തിൽ പുതുക്കി പണിത് നികുതിയിൽ മാറ്റം വരുത്താത്ത വീടുകളുടെ ലിസ്റ്റ് 15.05.2018 ന് മുമ്പെ സമർപ്പിക്കുവാൻ വാർഡ് ക്ലാർക്കുമാർക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഇപ്രകാരം ലിസ്റ്റ് തയ്യാറാക്കി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ചിട്ടില്ല. ഇത് കാരണം വസ്തു നികുതി ഇനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ വാർഡ് തലത്തിൽ ഫീൽഡ് അന്വേഷണം നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

**3.വസ്തു നികുതി സാംഖ്യ-സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

2018-19 ലെ വസ്തു നികുതി സഞ്ചയ കണക്കുകൾ പ്രകാരം വസ്തു നികുതി ഡിമാന്റ് 11163306/- രൂപയാണ്. കളക്ഷൻ തുക 10917862/- രൂപയും ബുക്ക് അഡ്ജസ്റ്റ്മെന്റ് തുക184959/- രൂപയും ഉൾപ്പെടെ 11102821/- രൂപയാണ്. ബാലൻസ് തുക 131169/- രൂപയുമാണ്. 2018-19 വാർഷിക ധനകാര്യ പത്രിക പ്രകാരം ഡിമാന്റ് 111633036/- രൂപയും കളക്ഷൻ തുക 10893297/- രൂപയും ബാലൻസ് ഷീറ്റ് പ്രകാരം ലഭ്യമാകാനുള്ള തുക 129257/- രൂപയുമാണ്. സഞ്ചയ-സാംഖ്യ ഡിമാന്റുകളിൽ വ്യത്യാസം നില നില്ക്കുന്നു.

ഡിമാന്റുകളിലെ വ്യത്യാസം ഐ.കെ.എം സാങ്കേതിക സഹായം ലഭ്യമാക്കി പരിഹരിക്കേണ്ടതാണ്.

# 1-7 കമ്മ്യൂണിറ്റി ഹാൾ കം-കല്ല്യാണ മണ്ഡപം - നടത്തിപ്പിലെ അപാകതകൾ

2014-15 വർഷം കെ.യു.ആർ.ഡി.എഫ്.സി.യിൽനിന്ന് 2.25 കോടി രൂപ വായ്പയെടുത്ത് നിർമിച്ച കമ്യൂണിറ്റിഹാൾ കം കല്യാണമണ്ഡപം ഓഡിറ്റ് വർഷം വിവിധ ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. 600 പേർക്കിരിക്കാവുന്നതും ഒരേ സമയത്ത് 300 പേർക്ക് ഭക്ഷണം കഴിക്കാവുന്നതുമായ വിശാലമായ സൗകര്യമുള്ള കെട്ടിടത്തിൽനിന്ന് വാടകയിനത്തിൽ തൻവർഷം ലഭിച്ച തുക (ക്ലീനിംഗ് ചാർജ് ഉൾപ്പെടെ) 328090 രൂപയാണ്. ഓഡിറ്റ് വർഷത്തിൽ പലിശയിനത്തിൽ 1546990 രൂപയും മുതലിലേക്ക് 3204580 രൂപയും KURDF ലേക്ക് പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ അപാകതകൾ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും വരുമാന നഷ്ടം നികത്തുന്നതിന് ഭരണ സമിതി നടപടികൾ എടുത്തിട്ടില്ല. ആവശ്യത്തിന് ബുക്കിംഗ് ലഭിക്കാത്തതിനാൽ വരുമാന നഷ്ടമുണ്ടാകുന്നതിനാൽ 2018 ഒക്ടോബർ മുതൽ ഒരു വർഷ കാലയളവിലേക്ക് ഷോപ്പിംഗ് കോംപ്ലക്സിന്റെ നടത്തിപ്പ് 30.08.2018 ലെ ഭരണ സമിതി അജണ്ട-5 തീരുമാനം നമ്പർ-133(1)/18 പ്രകാരം പൊതു ലേലം നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ലോൺ തിരിച്ചടവ് ഇനത്തിൽ തനത് ഫണ്ടിന് വൻ ചോർച്ച ഉണ്ടാകുന്നു.വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ പ്രായോഗിക തലത്തിലെത്തിക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടില്ല.

പൊതു ഭരണവും ധനകാര്യവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. നിർദ്ദേശങ്ങളിന്മേൽ ഭരണ സമിതി യുക്തമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-8 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

2018-19 വർഷത്തിൽ ഡി&ഒ ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1). <u>ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 1276 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. എന്നാൽ ഇവയിൽ 652 എണ്ണമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

ചട്ടങ്ങളിൽ പറയുന്ന പ്രകാരമല്ലാതെ ലൈസൻസ് പുതുക്കി നൽകിയതിന് വിശദീകരണം നൽകേണ്ടതും, സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതുമാണ്.

2).<u>ഡി &ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു</u>

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല. സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 6279 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ വാണിജ്യ/ വ്യാവസായിക കെട്ടിടങ്ങൾ ഉപയോഗിക്കാത്തിനാൽ ഒഴിവായി കിടക്കുന്നതായി കാണിച്ച് നികുതി ഇളവിന് 17 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് വർഷം 1276 പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ കെട്ടിടങ്ങളും ലൈസൻസ് എടുക്കാതിരിക്കുമ്പോൾ ലൈസൻസ് ഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക പഞ്ചായത്തിന് നഷ്ടമാകുന്നുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. വാണിജ്യ/ വ്യാവസായിക ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ നൽകിയ കെട്ടിടങ്ങളിൽ ഭൗതികപരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വന്ന് ലൈസൻസ് ഫീസിനത്തിലെ വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്.

3).<u>അപേക്ഷകൾ അപൂർണ്ണം</u>

ഡി & ഒ ലൈസൻസ് അപേക്ഷകളിൽ അപേക്ഷയിലെ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല. ഭൂരിഭാഗം അപേക്ഷകളിലും സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ആളുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

4).<u>ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.</u>

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-205.ബി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.എന്നാൽ സ്ഥാപനത്തിൽ ഇപ്രകാരം വിവര ശേഖരണം നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി )വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 6279 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകിയും വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-9 തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കാൻ നടപടി

## സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടം 204 (3) പ്രകാരം ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ, പൊതുവേ സ്വകാര്യമായോ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ അഥവാ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽനിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവരോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്താൻ ഗ്രാമ പഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഈ അധികാരമുപയോഗിച്ച് ഗ്രാമ പഞ്ചായത്തിൽ തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ പേരിൽ നിന്നും നോട്ടീസ് നൽകി തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.
2. വാണിജ്യസ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും, ഫയലുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.വ്യാപാരികൾക്ക് അവരുടെ തൊഴിൽ നികുതിഈടാക്കാവുന്ന വരുമാനം /ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കാൻ നോട്ടീസ് നൽകുന്നില്ല.ഡി.ആന്റ് ഒ ലൈസൻസ് ഫീ അടവാക്കുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുകയാണ് നിലവിൽ ചെയ്ത് വരുന്നത്.വ്യാപാരികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന്റെ മാനദണ്ഡം വ്യക്തമല്ല.
3. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 6279 കൊമേഴ്സ്യൽ കെട്ടിടങ്ങൾ ഉണ്ടായിട്ടും ഡി ആന്റ് ഒ / തൊഴിൽ നികുതി പരിധിയിൽ 1276 സ്ഥാപനങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. മാത്രമല്ല ഒന്നിലേറേ തൊഴിലാളികൾ ജോലി ചെയ്യുന്ന വാണിജ്യസ്ഥാപനങ്ങളുടെ കാര്യത്തിൽ തൊഴിലുടമയോട് തൊഴിലാളികളുടെ വരുമാനം സംബന്ധിച്ച് നിശ്ചിത ഫോറത്തിൽ റിട്ടേൺ സമർപ്പിക്കുന്നതിന് ആവശ്യപ്പെടുന്നില്ല.
4. വികലാംഗരായ ജീവനക്കാരെ തൊഴിൽ നികുതി അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഇത് തെളിയിക്കുന്നതിനാവശ്യമായ സാക്ഷ്യപത്രം റിട്ടേണിനോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ചെലവുകൾ അനുദിനം വർധിച്ച് വരുന്ന സാഹചര്യത്തിൽ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ അനിവാര്യമാണ്. എന്നാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള ചർച്ചകളോ,നടപടികളോ കമ്മിറ്റിയുടെ ഭാഗത്തുനിന്ന് ഉണ്ടായതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ ആളുകളിൽ നിന്നും നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക

# മുതൽക്കൂട്ടിയില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 എന്നിവ പ്രകാരം 31.03.2019 ന് 3923589 രൂപ ഡെപ്പോസിറ്റ് നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ഡെപ്പോസിറ്റ് തിരികെ നൽകിയ കേസുകളിൽ രജിസ്റ്ററിൽ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. രജിസ്റ്റർ പരിശോധിച്ചതിൽ 2012-13 മുതലുള്ള ഡെപ്പോസിറ്റ് ക്രമപ്പെടുത്താതെ അവശേഷിക്കുന്നതായി കാണുന്നു. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആവശ്യമായ ഇടപെടൽ നടത്താത്തതാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം. നീക്കിയിരിപ്പിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കി, കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 പദ്ധതി അവലോകനം

തൻവർഷം 221 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 136 പ്രൊജക്ടുകളാണ് നടപ്പാക്കിയത്. 125206478 രൂപ വിവിധ പദ്ധതികൾക്ക് വകയിരുത്തിയതിൽ 61321985 രൂപയാണ് ചെലവഴിച്ചത്. സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്.(സ.ഉ(കൈ)നം.11/2018തസ്വഭവ തീ 29.01.2018 പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക).മരാമത്ത് പ്രവൃത്തികൾക്ക് 4.9 കോടി രൂപ വകയിരുത്തിയതിൽ 2.57 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷം ചെലവഴിച്ചത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്.

# 1-11(എ)

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വർഷം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | നാദാപുരംപൈപ്പ്ലൈൻ അറ്റകുറ്റപ്പണി | 2014-15 | 1445000 | 1215639 | 229361 |
| കെ.ഡബ്ല്യു.എ | കല്ലാച്ചി പൈപ്പ് റോഡ് മെയിന്റനൻസ് | 2014-15 | 1285000 | 1080440 | 204560 |
| കെ.ഡബ്ല്യു.എ | അങ്കണവാടികൾക്ക് പൊതുടാപ്പ് സ്ഥാപിക്കൽ | 2014-15 | 870000 | 702618 | 167382 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 2015-16 | 1780000 | 1305688 | 474312 |
| കെ.ഡബ്ല്യൂ.എ | ചരളിൽ ലക്ഷംവീട്, പനയുള്ള പറമ്പത്ത് ലക്ഷംവീട്എന്നിവിടങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടലും പൊതുടാപ്പ് സ്ഥാപിക്കലും | 2015-16 | 170000 | 143738 | 26262 |
| കെ.ഡബ്ല്യൂ.എ | പൈപ്പ്ലൈൻ നീട്ടൽ | 2017-18 | 250000 | - | 250000 |

കേരള വാട്ടർ അതോറിറ്റി ഹാജരാക്കിയ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം ചെലവഴിക്കാനവശേഷിക്കുന്ന തുകയുടെ വിവരമാണ് മുകളിൽ കൊടുത്തിരിക്കുന്നത്.ഇതു സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.വാർഷിക കണക്കുകൾ പ്രകാരം (ബാലൻസ്ഷീറ്റ് ബി-8) മേൽ ഇനത്തിൽ ചെലവഴിക്കാനവശേഷിക്കുന്ന തുക 6000 രൂപ മാത്രമാണ്.അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-12 കാർഷികമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷികമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. <u>പദ്ധതികളുടെ മോണിറ്ററിംഗ് കൃത്യമായി നടത്താത്തതിനാൽ പദ്ധതി നിർവ്വഹണം വിജയിച്ചോ എന്ന് വ്യക്തമല്ല</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം.11/2018/ത.സ്വ.ഭ.വ തീയ്യതി 29.01.2018 ഖണ്ഡിക 13.1 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിൽ ഒന്നും തന്നെ പദ്ധതികളുടെ ഫലപ്രാപ്തി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടില്ല. ആവിഷ്കരിച്ച് നടപ്പിലാക്കിയ 3151065 രൂപ അടങ്കലിലുള്ള പദ്ധതികളിൽ 1206040 രൂപ ചെലവുള്ള പദ്ധതികളും 100% സബ്സിഡി നിരക്കിലുള്ള നടീൽ വസ്തുക്കളുടെ വിതരണ മാണെന്നിരിക്കെ മേൽ നടീൽ വസ്തുക്കളുടെ ഫലപ്രദമായ വിനിയോഗം മോണിറ്റർ ചെയ്യപ്പെട്ടിട്ടില്ല.

കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചതല്ലാതെ പദ്ധതി നിർവ്വഹണത്തിന്റെ തുടർഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ് ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക വർക്കിംഗ് ഗ്രൂപ്പിന്റെ

പ്രധാന ചുമതലകളാണ് .(നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ്) എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പ് മേൽ ചുമതല കൃത്യമായി നിറവേറ്റുകയോ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ആയത് ഉറപ്പ് വരുത്തുകയോ ചെയ്തിട്ടില്ല.

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും 100 ശതമാനം സബ്സിഡി നിരക്കിൽ നടീൽവസ്തുക്കളുടെ വിതരണം പോലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ മേൽ നടീൽ വസ്തുക്കളുടെ വിതരണം ,വിനിയോഗം എന്നിവ കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി വിലയിരുത്തേണ്ടതുമാണ്. ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചില്ലെങ്കിൽ തുടർവർഷങ്ങളിൽ അത്തരം പ്രോജക്ടുകൾ ഒഴിവാക്കേണ്ടതാണ്.

2. <u>പദ്ധതികൾക്കായി വാർഡ് കൺവീനർമാർ ഗുണഭോക്തൃവിഹിതം ഈടാക്കുന്നു.</u>

തെങ്ങിന് ജൈവവളം വിതരണം,ടെറസിലും മുറ്റത്തും പച്ചക്കറി കൃഷി എന്നീ പദ്ധതികളിൽ ഗുണഭോക്താക്കളിൽ നിന്നും 25%ഗുണഭോക്തൃവിഹിതം ഇടാക്കിയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. എന്നാൽ പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതം അടവാക്കിയിരിക്കുന്നത് ഓരോ വാർഡിലെയും കൺവീനർ മാരാണ്.ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കളിൽ നിന്നും വ്യക്തിഗത രസീതിന്റെ അടിസ്ഥാനത്തില ല്ലാതെ മൂന്നാമതൊരാൾ ഗുണഭോക്തൃവിഹിതം ഈടാക്കി കൃഷിഭവനിൽ അടവാക്കിയത് ക്രമപ്രകാരമല്ല. തെങ്ങിന് ജൈവവളം വിതരണം പദ്ധതിയിൽ കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും, തെങ്ങുകളുടെ എണ്ണവും കണക്കാക്കിയാണ് ധനസഹായത്തിന് അർഹത എന്നിരിക്കെ കൺവീനർമാർ എത്രഎണ്ണം തെങ്ങുകൾക്ക് ഏതുനിരക്കിലാണ് ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കിയിരിക്കുന്നതെന്നോ,ആർക്കൊക്കെയാണ് വിതരണം നടത്തിയിരിക്കുന്നതെന്നോ വ്യക്തമല്ല. കൂടാതെ കൺവീനർമാർ രസീത് പ്രകാരം തുക അടവാക്കിയിരിക്കുന്നത് 13-08.2018, 11.09.2018 തീയ്യതികളിലാണ്. തുക ഗുണഭോക്താക്കളിൽ നിന്നും എന്നാണ് കളക്ട് ചെയ്തതെന്നോ തൊട്ടടുത്തദിവസം തന്നെയാണ് ആയത് പഞ്ചായത്തിൽ അടവാക്കിയതെന്നോ വ്യക്തമല്ല. ആയത് ഗുണഭോക്തൃ വിഹിതം ഈടാക്കലിലെയും പദ്ധതി നടത്തിപ്പിലെയും സുതാര്യത ഇല്ലാതാക്കുന്നു. മേൽ പദ്ധതിനടത്തിപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. തുടർവർഷങ്ങളിൽ ഗുണഭോക്തൃവിഹിതം ശേഖരിക്കുന്നത് വ്യക്തിഗത രസീതിന്റെ അടിസ്ഥാനത്തിലായിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3. <u>സ്കൂളുകൾക്ക് ഔഷധതോട്ടം - സ്കൂളുകൾക്ക് വിതരണം ചെയ്ത ഔഷധസസ്യങ്ങളുടെ വിശദാംശമില്ല.</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി -ധനസഹായം -അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയ്യതി 14.02.2018 ഖണ്ഡിക6.1.19 പ്രകാരം ഔഷധസസ്യതോട്ടങ്ങൾ വ്യക്തികൾക്കും /സംരംഭകർക്കും അനുയോജ്യമായ തോതിൽ മാർഗ്ഗരേഖയിലെ വിവിധ സബ്സിഡികൾ കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയുടെ അനുപാതത്തിൽ ലഭ്യമാക്കാവുന്നതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്തിലെ 10 വിദ്യാലയങ്ങൾക്ക് 50 വീതം ഗ്രോ ബാഗും ഔഷധ സസ്യങ്ങളും ഉൾപ്പെടെ 100 രൂപ വിലയുള്ള ഗ്രോബാഗുകൾ സൗജന്യമായി നൽകി സ്കൂളിൽ ഔഷധതോട്ടം നിർമ്മിച്ച് വിദ്യാർത്ഥികളിൽ ഔഷധസസ്യങ്ങളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ഇതിനായി നിർവ്വഹണ ഉദ്യോഗസ്ഥ നാദാപുരം ഗ്രാമപഞ്ചായത്ത് കാർഷിക കർമസേനക്ക് ബിൽ നം-144/പ്രകാരം പത്ത് സ്കൂളുകൾക്ക് 500 എണ്ണം

ഗ്രോബാഗുകളും ഔഷധതൈകളും വിതരണം ചെയ്ത ഇനത്തിൽ 50000/- രൂപ നൽകിയിട്ടുണ്ട്. മേൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.5 പ്രകാരം ഔഷധ സസ്യങ്ങൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി വിലയുടെ 75% മാണ്. കൂടാതെ പ്രോജക്ടിൽ ഏതൊക്കെ ഇനം ഔഷധസസ്യങ്ങൾ എത്ര എണ്ണം വീതമാണ് സ്കൂളുകൾക്ക് നൽകേണ്ടതെന്നോ എങ്ങിനെയാണ് ഔഷധ സസ്യങ്ങൾ പരിപാലിക്കേണ്ടതെന്നോ വ്യക്തമാക്കിയിട്ടില്ല. ഔഷധ സസ്യങ്ങൾ വിതരണം നടത്തിയ കാർഷിക കർമ്മസേന നൽകിയ ബില്ലിലും ഏതൊക്കെ ഇനങ്ങളുടെ തൈകളാണ് വിതരണം ചെയ്തിരിക്കുന്നതെന്നതിന്റെ വിവരങ്ങളില്ല.

ഔഷധ സസ്യങ്ങൾ കൈപ്പറ്റിയതായി 10 സ്കൂളുകളുടെ ഹെഡ്മാസ്റ്റർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിലും എത്ര എണ്ണം എന്നോ ഏത് ഇനമെന്നോ വ്യക്തമാക്കിയിട്ടില്ല. 2-9-2019 ന് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ഔഷധസസ്യങ്ങൾ നൽകിയ നാദാപുരം ഗവൺമെന്റ് യൂ.പി.സ്കൂൾ,ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ,ടി.എെ.എം ഹയർസെക്കന്ററി സ്കൂൾ എന്നിവ സന്ദർശിച്ചതിൽ മൂന്ന് സ്കൂളുകളിലും ഔഷധതോട്ടം പരിപാലിച്ചിട്ടില്ല എന്നും ലഭിച്ച ഔഷധചെടികൾ ഭൂരിഭാഗവും സംരക്ഷണമില്ലാതെ നശിച്ചു പോയിട്ടുമുണ്ട് എന്നാണ് കാണാൻ കഴിഞ്ഞത്. രൂപീകരിച്ച് നടപ്പാക്കുന്ന ഓരോ പ്രോജക്ടുകളുടെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച് ചെയ്ത് ഉറപ്പ് വരുത്താതെ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയതാണ് മേൽ പദ്ധതി പരാജയപ്പെടുന്നതിനിടയാക്കിയത്. നടീൽ വസ്തുക്കൾ വിതരണപ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സ്കൂളുകളിൽ ആയതിനുള്ള സ്ഥലസൗകര്യം, ജലലഭ്യത, വേനലവധിക്കാലം എന്നിവ പരിഗണിച്ചായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. **<u>വാഴകന്ന് വിതരണത്തിലെ അപാകതകൾ</u>**

വാഴകന്ന് വിതരണം പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി 19032 എണ്ണം വാഴകന്നുകൾ 11.90 നിരക്കിൽ അമൃത നഴ്സറി വെള്ളൂർ എന്നസ്ഥാപനത്തിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥ ടെണ്ടർ നടപടികളിലൂടെ വാങ്ങി 2634ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം നെല്ല് ,പച്ചക്കറി ,പച്ചിലവളം, ഭക്ഷ്യവിളകളുടെ വിത്തുകൾ/ പച്ചക്കറിതൈകൾ , കിഴങ്ങ് വർഗ്ഗങ്ങൾ , വാഴ, ടിഷ്യൂകൾച്ചർ വാഴ, കുരുമുളക് തൈകൾ എന്നിവ എല്ലാവിഭാഗക്കാർക്കും 100% സബ്സിഡി നിരക്കിൽ നൽകാവുന്നതാണ് എന്നാൽ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് നൽകാവുന്ന വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ ആദ്യ 30 പേർക്ക് എട്ട് എണ്ണം വീതവും ബാക്കിയുള്ളവർക്ക് ഏഴ് എണ്ണം വീതം വാഴകന്നുകളാണ് 100% സബ്സിഡിനിരക്കിൽ വിതരണം നടത്തിയിട്ടുള്ളത്. ഇങ്ങനെ ആനുകൂല്യം വിതരണം ചെയ്യുന്നത് സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. കൂടാതെ വിളവ്യാപനം , ഉല്പാദനവർദ്ധനവ് എന്നീ പദ്ധതിലക്ഷ്യങ്ങളും കൈവരിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു.

5. **<u>പയർകൃഷി പ്രോത്സാഹനം -പയർ വിത്ത് വിതരണത്തിലെ അപാകതകൾ</u>**

പഞ്ചായത്തിലെ 100 ഹെക്ടർ സ്ഥലത്ത് പയർ കൃഷി ചെയ്യുന്നതിനായി 2000 കിലോ പയർ വിത്ത് ഗുണഭോക്താക്കൾക്ക് സൗജന്യമായി നൽകുന്നതിനായാണ് പദ്ധതി. ഇതിന്നായി നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും 2182.5 കിലോ പയർ വിത്ത് 91.60 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം 600 ഗുണഭോക്താക്കൾക്കായാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളതെങ്കിലും ഓഡിറ്റിന് ഹാജരാക്കിയ പയർ വിത്തിന്റെ വിതരണവിവരങ്ങൾ പ്രകാരം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 1350

പേർ പയർവിത്ത് കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോരുത്തർക്കും എത്ര കിലോ വീതമാണ് വിത്ത് വിതരണം നടത്തിയതെന്നോ,വിതരണത്തിന്റെ മാനദണ്ഡമെന്തെന്നോ വ്യക്തമല്ല. പദ്ധതി ലക്ഷ്യം വെച്ച മണ്ണിന്റെ ഫലഭ്രയിഷ്ഠി വർദ്ധിപ്പിക്കൽ, പയർ ഉല്പാദനം വർദ്ധിപ്പിക്കൽ എന്നീ ലക്ഷ്യങ്ങൾ നേടാൻ കഴിഞ്ഞില്ല. പദ്ധതി നിർവ്വഹണത്തിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# 1-13 മാലിന്യസംസ്കരണം -എം.സി.എഫ്/ അർ.ആർ.എഫ് സ്ഥാപിക്കൽ പ്രോജക്ട് പൂർത്തിയായില്ല.

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ -1325000 (375000 വികസനഫണ്ട്,950000 ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് - 194000

ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പാലഞ്ചോലമലയിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റ് പരിസരവാസികളുടെ എതിർപ്പ് മൂലം അടഞ്ഞ് കിടക്കുകയാണെന്ന് 4.01.2018 ലെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗത്തിൽ പഞ്ചായത്ത് അധികൃതർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാകളക്ടർ നമ്പർ DMKKD/490/2018-F2 ഉത്തരവിലൂടെ പഞ്ചായത്തിന്റെ കൈവശത്തിലുള്ളതും നിലവിൽ മാലിന്യങ്ങൾ നിക്ഷേപിച്ച് വേർതിരിക്കുന്നതിന് ഉപയോഗിക്കുന്നതുമായ ഭൂമിയിൽ 20 സെന്റ് ഭൂമി എം.സി.എഫ്/ ആർ.ആർ.എഫ് എന്നിവ നിർമ്മിക്കുന്നതിനായി ഉപയോഗിക്കുന്നതിനും ബാക്കിസ്ഥലം പഞ്ചായത്തിന്റെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും സെക്രട്ടറി നാദാപുരം ഗ്രാമപഞ്ചായത്തിനെ നിയോഗിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്.ഇതോടൊപ്പം തന്നെ പ്രസ്തുത സ്ഥലം വൃത്തിയാക്കി നിലവിൽ ഗേറ്റിലുള്ള ബോർഡ് മാറ്റി ക്ലീൻപ്ലാസ്റ്റിക്ക് പുനചംക്രമണ യൂനിറ്റ് എന്നാക്കിമാറ്റുന്നതിനും ഉത്തരവായിട്ടുണ്ട് .ഈ ഉത്തരവ് പൂർണ്ണമായും 2018 ഏപ്രിൽ 15 നകം നടപ്പിലാക്കുന്നതിന് വീഴ്ച വരുത്തുന്നപക്ഷം ബന്ധപ്പെട്ടവർക്കെതിരെ 2005 ലെ ദുരന്തനിവാര നിയമത്തിലെ സെക്ഷൻ 51(ബി),56,58(1),(2) എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കുന്നതുമാണ് എന്നും കളക്ടർ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

മേൽ ഉത്തരവ് നടപ്പിലാക്കുന്നതിനും പഞ്ചായത്തിലെ മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനുമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നാദാപുരം ഗ്രാമപഞ്ചായത്ത് എം.സി.എഫ്/ആർ.ആർ.എഫ് സ്ഥാപിക്കലിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട് (പ്രോജക്ട് നം-203/18-19). പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി സെക്രട്ടറി നിലവിൽ പ്ലാന്റിലുള്ള അജൈവ പാഴ് വസ്തുക്കൾ ശേഖരിച്ച് തരംതിരിച്ച് സംസ്കരണ യൂണിറ്റിലേക്ക് കയറ്റി അയച്ച് സ്ഥലം സജ്ജീകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾക്കായി 194000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എം.സി.എഫ്/ആർ.ആർ.എഫ് പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. നിലവിൽ പഞ്ചായത്തിലെ മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പരിസരവാസികളുടെ എതിർപ്പിനാൽ പദ്ധതിയുടെ തുടർനടത്തിപ്പ് സാധ്യമായില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നത്. മാലിന്യസംസ്കരണത്തിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 തെരുവ് വിളക്കുകൾ -പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

പ്രോജക്ട് നം-226/18-19

നിർവ്വഹണം- സെക്രട്ടറി.

അടങ്കൽ - 1000000( ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് - 998745/-(ബിൽ നം-25/25.01.19)

നാദാപുരം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നതിനായി എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുന്നതിനായാണ് പ്രോജക്ട് . പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ARTCO LTD യിൽ നിന്നും 23.11.2018 ലെ ഇൻവോയ്സ് നം-429 പ്രകാരം 3190.88 രൂപ നിരക്കിൽ 313 തെരുവുവിളക്കുകൾ വാങ്ങുന്നതിന് 998745/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് പ്രകാരം തെരുവുവിളക്കുകൾ പൊതുമാർക്കറ്റിൽ നിന്നും ടെണ്ടർ നടപടികളിലൂടെയാണ് വാങ്ങണമെന്ന് നിഷ്കർഷിച്ചിരിക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ തെരുവുവിളക്കുകൾ ARTCO LTD എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് വാങ്ങിയിരിക്കുന്നത്.

2. പ്രോജക്ട് പ്രകാരം 200 എണ്ണം തെരുവുവിളക്കുകളാണ് വാങ്ങാനായി ലക്ഷ്യമിട്ടത്.എന്നാൽ 13.9.2018 ലെ NDPM 226/18 സപ്ലൈ ഓർഡർപ്രകാരം 312 തെരുവുവിളക്കുകൾ സപ്ലൈചെയ്യണമെന്ന് ആവശ്യപ്പെടുകയും ബിൽ പ്രകാരം 313 തെരുവുവിളക്കുകൾക്ക് വില നൽകുകയും ചെയ്തിട്ടുണ്ട്.

3. അമ്മിണി എനർജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് മൊബൈൽ സർവ്വീസ് യൂണിറ്റ് പഞ്ചായത്തിലെ 22 വാർഡുകളിലും 5എണ്ണം വീതം തെരുവുവിളക്കുകൾ സ്ഥാപിച്ചതായി വാർഡ് മെമ്പർമാരും , മെയിൻറോഡിൽ 203 തെരുവുവിളക്കുകൾ സ്ഥാപിച്ചതായി പ്രസിഡണ്ടും ഇൻസ്റ്റലേഷൻ റിപ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അമ്മിണി എനർജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിക്ക് പദ്ധതി നടത്തിപ്പിലുള്ള പങ്ക് വ്യക്തമല്ല.

4. ARTCO LTD മായി ഏർപ്പെട്ടകരാർ പ്രകാരം തെരുവുവിളക്കുകൾക്ക് സപ്ലൈ തീയ്യതിമുതൽ 30 മാസം വാറണ്ടി കാലാവധിയുണ്ട്. കരാറിലെ 5 ാമത് വ്യവസ്ഥപ്രകാരം പഞ്ചായത്തിൽ ഒരുപരാതിപുസ്തകം സൂക്ഷിക്കേണ്ടതാണ് . ആയത് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തെരുവുവിളക്കുകൾക്ക് വാറണ്ടികാലയളവിൽ ഉണ്ടാവാനിടയുള്ള പരാതികൾ നിർവ്വഹണ ഏജൻസി പരിഹരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

5. സെക്രട്ടറിയുടെ 22.10.2018 ലെ NDPM 226/18 കത്തിൽ പഞ്ചായത്ത് നിലവിൽ സ്ഥാപിച്ചിട്ടുള്ള കേടായ സ്ട്രീറ്റ് ലൈറ്റുകൾക്ക് പകരമായി സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ആയതിനാൽ KSEB യിൽ നിന്ന് പ്രത്യേകമായി ഇൻസ്റ്റലേഷൻ ചാർജ്ജ് അടവാക്കേണ്ടതില്ല എന്നും പ്രത്യേകാനുമതി ആവശ്യമില്ല എന്നും ARTCO LTD നെ അറിയിച്ചിട്ടുണ്ട് . എന്നാൽ പുതിയ തെരുവുവിളക്കുകൾ സ്ഥാപിച്ചപ്പോൾ മുൻപ് നിലവിലുണ്ടായിരുന്ന ലൈറ്റുകൾ എന്തുചെയ്തു എന്നതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 20-02-2018 ലെ ജി.ഒ.

(ആർ.ടി) 7/18 നമ്പർ ഉത്തരവ് പ്രകാരമാണ് പ്രോജക്ടിലെ പൊതുമാർക്കറ്റിൽ നിന്ന് വാങ്ങണം എന്ന നിർദ്ദേശം റിവൈസ് ചെയ്യാതെ നേരിട്ട് വാങ്ങിയത് എന്നറിയിച്ചിട്ടുണ്ട്.പദ്ധതി പ്രകാരം 200 എണ്ണം വാങ്ങാൻ വകയിരുത്തിയ തുകയിൽ നിന്നുകൊണ്ട് കൂടുതൽ എണ്ണം വാങ്ങി സ്ഥാപിക്കാൻ കഴിയും എന്ന് വിലയിരുത്തിയതിന്റെ പാശ്ചാത്തലത്തിലാണ് വാങ്ങലിന്റെ എണ്ണം കൂട്ടുന്നതിനിടയാക്കിയത്. ARTCO എന്ന സ്ഥാപനം അമ്മിണി എനർജി സിസ്റ്റംസിൽ നിന്നും അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ വാങ്ങി വിതരണം നടത്തുകയാണ് എന്നാണ് മനസിലാക്കാൻ കഴിഞ്ഞത് .

ഇതിൽ നിന്നും തെരുവുവിളക്കുകളുടെ ആവശ്യമായ എണ്ണം കണക്കാക്കിയതും വാങ്ങൽ നടപടികളും കൃത്യമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല എന്ന് വ്യക്തമാകുന്നു. ടെണ്ടർ നടപടികൾ സ്വീകരിക്കാഞ്ഞതിനാൽ ടെണ്ടറിൽ പങ്കെടുക്കുന്ന മത്സരക്ഷമതയുള്ള ഏജൻസികളുടെ സാന്നിദ്ധ്യം വഴി പഞ്ചായത്തിന് ഉണ്ടാവുമായിരുന്ന സാമ്പത്തിക നേട്ടവും ഗുണമേന്മയുള്ള ഉപകരണങ്ങൾതെരഞ്ഞെടുക്കാനുള്ള അവസരവും നഷ്ടപ്പെടുന്നതിനിടയാക്കി. കൂടാതെ നിർവ്വഹണം ഏൽപ്പിച്ച ARTCO എന്ന സ്ഥാപനം തെരുവുവിളക്കുകളുടെ വിതരണം നടത്തുന്നതിന് മൂന്നാമത് ഒരു ഏജൻസിയെ ഏൽപ്പിച്ചതായും വ്യക്തമാകുന്നു. സ്ഥാപിച്ച തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതും വാറണ്ടി കാലാവധിയിൽ ഉണ്ടാകുന്ന അറ്റകുറ്റപണികൾ നിർവ്വഹണ ഏജൻസിയെ കൊണ്ട് തന്നെ ചെയ്യിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അംഗീകരിച്ച പദ്ധതിയിൽ വരുത്തുന്ന മാറ്റങ്ങൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശുപാർശയുടെയും അടിസ്ഥാനത്തിലായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-15 വിദ്യാഭ്യാസമേഖലയിലെ പദ്ധതികൾ -സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള ആവശ്യങ്ങൾ പരിഹരിക്കപ്പെട്ടില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 7.6 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വികസന പ്രോജക്ടുകൾ 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ' മാർഗ്ഗരേഖകളിൽ നിർദ്ദേശിക്കുന്ന ഉദ്ദേശ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാവുന്നതും ജൈവ വൈവിദ്ധ്യ ഉദ്യാനം, മാലിന്യസംസ്കരണ പരിപാടി, ഊർജ്ജ സംരക്ഷണ പരിപാടി എന്നിവയ്ക്ക് മുൻഗണന നൽകാവുന്നതുമാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായിരിക്കണം പ്രോജക്ടുകളിൽ മുൻഗണന നൽകേണ്ടത്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ള രണ്ട് ഗവൺമെന്റ് സ്കൂളുകളിൽ ലഭ്യമായ സൗകര്യങ്ങൾ സംബന്ധിച്ച് സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ പ്രകാരം മേൽ സ്കൂളുകളിൽ 8 ക്ളാസ് മുറികളും ,18 ടോയ് ലറ്റുകളും ഇനിയും വേണ്ടതായുണ്ട്. ദൃശ്യ -ശ്രവ്യമാധ്യമങ്ങളും ഇന്റർനെറ്റും സൗകര്യങ്ങളും സംബന്ധിച്ച വിവരങ്ങൾ പ്രകാരം ഇനിയും മൂന്ന് സ്മാർട്ട് ക്ലാസ് റൂം, 2പ്രോജക്ടർ,9കമ്പ്യൂട്ടറുകൾ, 5 ലാപ്പ് ടോപ്പുകൾ എന്നിവയും വേണ്ടതായുണ്ട്. മേൽ സ്കൂളുകളിൽ കുടിവെള്ള സൗകര്യങ്ങൾക്കായി ഇനിയും 26 വാട്ടർ പൈപ്പുകളും ആവശ്യമുണ്ട്. ലാബ്, ലൈബ്രറി സംബന്ധിച്ച വിവരങ്ങൾ പ്രകാരം ലാബിൽ ഇനിയും ഉപകരണങ്ങളും, ലൈബ്രറികളിൽ പുസ്തകങ്ങളും ഇല്ലാത്തതായും പരാമർശിച്ചിട്ടുണ്ട്.

എന്നാൽ മേൽ ആവശ്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ തരത്തിലുള്ള പദ്ധതികളൊന്നും തന്നെ തൻ വർഷം വിദ്യാഭ്യാസമേഖലയിൽ രൂപീകരിച്ച് നടപ്പിലാക്കിയിട്ടില്ല.

പൊതു വിദ്യാലയങ്ങൾക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടാവേണ്ടതുണ്ട്.

## 1-16 ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ്- ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചില്ല

ക്ഷീരകർഷകർ ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാനാണ് പദ്ധതി നടപ്പാക്കിയത്.(ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ) ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ സംയുക്തമായാണ് പദ്ധതി നടപ്പാക്കിയത്. ഓഡിറ്റ് വർഷം ഡി.ഇ.ഒ.നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 111/18-19 |
| അടങ്കൽ | 1200000/- |
| ഫണ്ട് | വികസന ഫണ്ട്(ഗ്രാ.പ.200000,ബ്ലോ.പ.600000,ജി.പ.400000 ) |
| ചെലവ് | 800000/- |
| ബിൽ. നം. തി. | 01/18-19/25.01.2019 |

1. പരിശോധനയ്ക്ക് ഹാജരാക്കിയ ലിസ്റ്റിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് ഗ്രാമസഭകളല്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയാണ്. 01.10.2018 ലെ 146/08 നമ്പർ തീരുമാനപ്രകാരം ഭരണസമിതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ലിസ്റ്റ് നിർവ്വഹണോദ്യോഗസ്ഥന് കൈമാറുകയാണുണ്ടായത്. ഇത് ശരിയായ നടപടിയല്ല. ആസൂത്രണ പ്രക്രിയയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമസഭകളിൽ നിക്ഷിപ്തമാണ്.
2. ജില്ലാ,ബ്ലോക്ക്,ഗ്രാമ പഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ സംയുക്ത പദ്ധതികൾ നിർവ്വഹണം നടത്തുന്നതുമായി ബന്ധപ്പെട്ട് സ.ഉ.(കൈ) നം.11/2018/ ത.സ്വ.ഭ.വ. തി.29.01.2018 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖ.3.5.4 ലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ജില്ലാ പഞ്ചായത്ത് ഷെയർ ആയി വകയിരുത്തിയ 400000/- രൂപ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇതിനാൽ കർഷകർക്ക് 2019 മാർച്ച് മാസത്തിലെ ഇൻസെന്റീവ് തുക നൽകാൻ സാധിച്ചിട്ടില്ല.
3. പദ്ധതി സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ചർച്ച് നടന്നതായി കാണുന്നില്ല. പദ്ധതി മോണിറ്ററിംഗ് നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ കാര്യമായ ചർച്ചകളോ,വിലയിരുത്തലുകളോ നടന്നതായി കാണുന്നില്ല. അടിസ്ഥാനപരമായ നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തുന്നത് ആസൂത്രണ പ്രക്രിയയിൽ അഭിലഷണീമായ പ്രവണതയല്ല. പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ കാരണം ചെലവ് തുക 800000/- തടസ്സത്തിൽ വെയ്ക്കുന്നു.

# 1-17 പട്ടികജാതി വിഭാഗത്തിന് ഇരുചക്രവാഹനം നൽകൽ - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി

| | |
|---|---|
| പ്രോജക്ട് നം. | 38/ 19 |
| അടങ്കൽ | 400000/- |
| ഫണ്ട് | വികസനം (scp) |
| ചെലവ് | 265590/- |
| ബിൽ നം. തി. | 02/18-19 /22.11.2018 |

സ.ഉ.(കൈ)നം.22/2018/തസ്വഭവ.തി.14.02.2018ഖ.6-3(9) പ്രകാരം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട തൊഴിൽ രഹിതരോ ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ/അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയ ഗുണഭോക്താക്കൾക്ക് ഇരുചക്രവാഹനം വാങ്ങുന്നതിന് വിലയുടെ 50 ശതമാനം തുക സബ്സിഡി നൽകുന്നതിന് അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായാണ് പദ്ധതി നടപ്പാക്കിയത്.നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ധനസഹായം കൈപ്പറ്റിയതിൽ താഴെപ്പറയുന്ന 4 ഗുണഭോക്താക്കളുടെ പേരുകൾ ഗ്രാമസഭാ മിനുട്സിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | വാർഡ് | കൈപ്പറ്റിയ ധനസഹായം |
|---|---|---|
| ശ്യാമ പറമ്പത്ത് | 8 | 38882/- |
| സിനി.വി.കെ മാരാം വീട്ടിൽ | 15 | 26812/- |
| അർച്ചന വലിയപറമ്പത്ത് | 15 | 40184/- |
| അഭിനേഷ് മച്ചേരിക്കണ്ടി. | 14 | 31272/- |
| ആകെ | | 137150 |

ഗ്രാമസഭയിൽ നിശ്ചിത മാതൃകയിലുള്ള ഫോറത്തിൽ അപേക്ഷിച്ചവരിൽനിന്ന് അർഹതാ/ മുൻഗണനാ മാനദണ്ഡങ്ങൾ പരിഗണിച്ച് തയ്യാറാക്കിയ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് എന്നിരിക്കേ അപേക്ഷിക്കാത്തവരെ ഗുണഭോക്താവായി തെരഞ്ഞെടുക്കുകയാണുണ്ടായത്. 20.03.2019 ന് ചേർന്ന ഭരണസമിതിയുടെ അടിയന്തിരയോഗത്തിലെ 2/2 (2) ാം നമ്പർ തീരുമാനപ്രകാരം ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി സബിന.ബി. പള്ളിപ്രംവീട്ടിൽ, സിജി എം.കുളമുള്ളതിൽ, അഭിനേഷ് മച്ചേരിക്കണ്ടിയിൽ എന്നീ മൂന്ന് പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. സാമ്പത്തിക വർഷം

അവസാനിക്കാറായ ഘട്ടത്തിൽ ഗ്രാമസഭയിലൂടെയല്ലാതെ ഭരണസമിതി നേരിട്ട് പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ശരിയായ നടപടിയല്ല.

2. ഗുണഭോക്താക്കൾ ഇരുചക്ര വാഹനമുപയോഗിച്ച് ഉപജീവനമാർഗ്ഗം കണ്ടെത്തുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ഏതെങ്കിലും തരത്തിലുള്ള തൊഴിലുകളിൽ ഏർപ്പെടുന്നുണ്ടോ എന്ന കാര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല.
3. വാർഡ് 4 ലെ ഗ്രാമസഭാ മിനുട്സിൽ ക്രമനമ്പർ 8 ആയി ഉൾപ്പെട്ട സബിന.ബി പള്ളിപ്രംവീട്ടിൽ എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ ലിസ്റ്റിൽ മുന്നിലുള്ള 7 ഗുണഭോക്താക്കളെ പരിഗണിക്കാതെ 8 ാം നമ്പർകാരിയെ ഗുണഭോക്താവായി തെരഞ്ഞടുക്കുകയാണുണ്ടായത്.
4. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ പട്ടികജാതി വിഭാഗങ്ങളുടെ വിവിധ അടിസ്ഥാന-ഭൗതികസൗകര്യങ്ങളുടെ അഭാവത്തെക്കുറിച്ച് വിശദമായി പ്രദിപാദിക്കുന്നുണ്ട്. എന്നാൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ ഓഡിറ്റ് വർഷം നടപ്പാക്കിയതായി കാണുന്നില്ല. ഇതിന് പകരം താരതമ്യേന കുറഞ്ഞ എണ്ണം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പാക്കിയത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ഇത് സംബന്ധിച്ച് ചർച്ചകൾ നടന്നതായി കാണുന്നില്ല.അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് ചെലവഴിച്ച തുകയിൽ 137150/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ഈ തുക ഉത്തരവാദികളായവരിൽനിന്ന് തിരികെ ഈടാക്കേണ്ടതാണ്.

# 1-18 ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 13/ 19 |
| അടങ്കൽ | 50000 |
| ഫണ്ട് | എം.ജി (എൻ.ആർ) |
| ചെലവ് | 50000/- |
| ബിൽ നം. തി. | 02/18-19 /22.10.2018 |

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ ഹോംകോയ്ക്ക് അൻപതിനായിരം രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. പദ്ധതി തുക കൈമാറി ഒരു വർഷം പൂർത്തിയായിട്ടും മരുന്ന് ലഭിക്കാത്തതിനാൽ രോഗികൾക്ക് മരുന്ന് നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കേണ്ടതിലേക്ക് ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

# 1-19 റോഡ് പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷനിൽ - ഓവർഹെഡ്സ് ചാർജ്ജ്

# നല്കുന്നത് അനർഹമായ നിരക്കിൽ

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ് . മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ്ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച്&ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് ) ആമുഖത്തിൽ ഖണ്ഡിക 4ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ്ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ,ആക്സസ് റോഡുകൾ,ജലവിതരണം ,ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
5. മോർഡ് സ്പസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്
6. വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം.17ആം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ(സ്ഥാപനത്തിൽ ഓഡിറ്റ് വർഷം നിർവ്വഹിച്ച റോഡ് പ്രവൃത്തികൾ മുഴുവനും 5 ലക്ഷത്തിൽ കുറഞ്ഞ കോസ്റ്റ് ഉള്ളവയായിരുന്നു) കുറഞ്ഞ പ്രൊജക്ട് കോസ്റ്റ്

മാത്രമാണ് വരുന്നതെന്നും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു.ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനതന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. ഓഡിറ്റ് വർഷം 2.13കോടി രൂപയുടെ റോഡ് പ്രവൃത്തികൾ സ്ഥാപനം നിർവ്വഹിച്ചിട്ടുണ്ട് എന്നത് അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ 19.36 ലക്ഷം രൂപയോളം ഓവർഹെഡ്സ് ചാർജ്ജിനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നു കാണാം. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്.

ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനും ഫണ്ട് നഷ്ടം ഭാവിയിൽ ഒഴിവാക്കുന്നതിനുമായി എൽ. എസ്. ജി. ഡി ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽ പെടുത്തി അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ഫലവും റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കാവുന്നതുമാണ്.

## 1-20 പൊതു മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം നടന്നില്ല

നിർവ്വഹണോദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

സ്ഥാപനത്തിന്റെ അധികാരമേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ ആകെ 108 പുതിയ പ്രൊജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അസി.എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ കൂടി പരിഗണിക്കുമ്പോൾ ആകെ പ്രൊജക്ടുകളുടെ എണ്ണം 148 ആണ് . ഇവ നിർവ്വഹിക്കുന്നതിന് വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 4.9 കോടി രൂപയിൽ 2.57 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. പുതിയ പ്രൊജക്ടുകളിൽ 61 എണ്ണത്തിന് തുകയൊന്നും വിനിയോഗിക്കാൻ കഴിയാതെ വന്നപ്പോൾ സ്പിൽ ഓവർ പ്രൊജക്ടുകളുടെ കാര്യത്തിൽ ഇത് 4 എണ്ണം വരുന്നുണ്ട്.വകയിരുത്തിയതിൽ വിനിയോഗിക്കാൻ കഴിയാതെ വന്ന 2.33 കോടി രൂപയിൽ 1.72കോടി രൂപ വികസനഫണ്ട്(33.42ലക്ഷം) ധനകാര്യ കമ്മീഷൻ ഗ്രാന്റ്(49.36 ലക്ഷം) മെയിന്റനൻസ് ഗ്രാന്റ് റോഡിതരം (39.86ലക്ഷം) മെയിന്റനൻസ് ഗ്രാന്റ് റോഡ് (49.52ലക്ഷം) എന്നീ ഇനങ്ങളിലായി സ്ഥാപനത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്.1.72കോടി രൂപയുടെ നഷ്ടം കണക്കാക്കിയത് തൻവർഷ അലോട്ട് മെന്റിനൊപ്പം സ്പിൽ ഓവർ ബാധ്യത നിറവേറ്റുന്നതിന് ആവശ്യാനുസരണം സർക്കാർ അനുവദിക്കുന്നതുകകൂടി പരിഗണിച്ചാണ്.എന്നാൽ ഓഡിറ്റ് വർഷത്തെ ബജറ്റ് അലോട്ട്മെന്റ് പ്രകാരം ലഭ്യമായ സർക്കാർ ഗ്രാന്റിൽ നിന്നുമാത്രം ചെലവഴിക്കാതെ 1.03കോടി രൂപ നഷ്ടപ്പെടുത്തിയതിൽ പ്രധാനപങ്ക് വഹിച്ചത് മരാമത്ത് മേഖലയിലെ നിർവ്വഹണവീഴ്ചയാണെന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. പ്രധാനമായും ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽസ്ഥിതിവിശേഷവും തമ്മിലുള്ള വൻവിടവ്, നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. പ്രൊജക്ടുകളുടെ അംഗീകാരം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള പ്രക്രിയയിൽ താഴെ പറയുന്ന ഘട്ടങ്ങളിൽ പ്രശ്നങ്ങൾ സംഭവിച്ചിട്ടുണ്ട്.

1). വാർഷിക പദ്ധതിയ്ക്ക് ഡിപിസി അംഗീകാരം ലഭിച്ചതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുവരെ വന്ന കാലതാമസം

2). എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നതിൽ വന്ന കാലതാമസം

3). സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ കരാറുകാരെ /നിർവ്വഹണ ഏജൻസിയെ ഏല്പിക്കുന്നതിൽ വന്ന കാലതാമസം

കൂടാതെ പ്രൊജക്റ്റുകളുടെ ആധിക്യം, കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ എന്നിവയും നിർവ്വഹണപുരോഗതിയ്ക്ക് തടസ്സമായി. എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 108 പുതിയ പദ്ധതികളിൽ 101 എണ്ണത്തിന് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ കരാർ വച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കരാർ വച്ച 101 പദ്ധതികൾ തന്നെ ഉടമ്പടി ഒപ്പുവയ്ക്കാൻ 17.08.18 മുതൽ 7.3.19 വരെയുള്ള കാലയളവ് വേണ്ടി വന്നു.ഇതിന്റെ നാൾവഴി താഴെ കൊടുക്കുന്നു.

| ക്രമ നം | മാസം | ആകെ വച്ച കരാറുകൾ |
|---|---|---|
| 1 | ആഗസ്റ്റ് | 41 |
| 2 | നവംബർ | 13 |
| 3 | ഡിസംബർ | 6 |
| 4 | ജനുവരി | 16 |
| 5 | ഫെബ്രുവരി | 13 |
| 6 | മാർച്ച് | 12 |

41 പദ്ധതികൾക്ക് കരാർ വച്ചത് അവസാന 3 മാസങ്ങളിലാണെന്ന് കണക്കുകൾ കാണിക്കുന്നു. ഇതിൽ തന്നെ 12 എണ്ണം മാർച്ചിലുമാണ്. 40 ശതമാനത്തോളം പുതിയ പ്രവൃത്തികൾ ഓഡിറ്റ് വർഷത്തിൽ പൂർത്തികരിച്ച് തുക ചെലവഴിക്കാനാവില്ലെന്ന വ്യക്തമായ ധാരണ ജനുവരി മാസത്തിൽ തന്നെ സ്ഥാപനത്തിനുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

വാർഷിക പദ്ധതിയ്ക്ക് ഡി പി സി അംഗീകാരം ലഭിച്ച ഉടൻ പ്രൊജക്റ്റുകൾക്ക് വെറ്റിംഗ്/ സാങ്കേതികാനുമതി ലഭിക്കുന്നതിനായി അവ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സമർപ്പിക്കണമെന്ന ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തത് നിലവിലെ സ്ഥിതിവിശേഷത്തിന് ഒരു കാരണമായതായി കാണാം. പരിമിതമായ ജീവനക്കാർ മാത്രം ലഭ്യമായിരിക്കെ നിർവ്വഹിക്കാൻ കഴിയുന്നതിനപ്പുറം പ്രൊജക്റ്റുകൾ തയ്യാറാക്കിയതും മേൽ സ്ഥിതിവിശേഷത്തിന് കാരണമായി.

പ്രൊജക്റ്റുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തീകവർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകുംവിധം ഇടപെടലുകൾ നടത്താനായിട്ടില്ല. രണ്ട് പ്രാവശ്യം കരാറുകാരുടെ യോഗം

ചേരുന്നതിന് തീരുമാനം കൈക്കൊണ്ടെങ്കിലും നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുവാനും ശ്രമം നടന്നിട്ടില്ല. ഡി പി സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞതരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നുനിർവ്വഹണ ഉമദ്യാഗസ്ഥനും ബന്ധപ്പെട്ട സംവിധാനങ്ങൾക്കുമുണ്ടായിട്ടുള്ള മേല്പറഞ്ഞ വീഴ്ചകൾക്ക് വിശദീകരണം നല്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ അപാകത ഭാവിയിൽ ഒഴിവാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന പ്രൊജക്ടുകൾ പ്രാധാന്യമനുസരിച്ച് നിർവ്വഹണതിന് മുൻതൂക്കം കൊടുക്കേണ്ടതും അവ എല്ലാ തരത്തിലും പൂർണ്ണമായിരിക്കേണ്ടതുമാണ്.പരിമിതമായ ഫണ്ട് വകയിരുത്തി അപൂർണ്ണമായി പ്രൊജക്ടുകൾ തയ്യാറാക്കുന്നത്, ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് തടസ്സമാകുന്നതിനൊപ്പം പ്രൊജക്ടുകളുടെ എണ്ണം കൂടുന്നതിനും ആത്യന്തികമായി ധനനഷ്ടത്തിനും ഇടയാക്കും
2. സ്ഥാപനത്തിൽ ലഭ്യമായ ധനപരവും മാനുഷികവുമായ വിഭവങ്ങൾക്ക് അനുസൃതമായി പ്രൊജക്ടുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതാണ്.
3. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നിയമങ്ങളും ചട്ടങ്ങളും തങ്ങളിലേല്പിച്ച ചുമതലകൾ തിരിച്ചറിഞ്ഞ് ഇടപെടലുകൾ നടത്തേണ്ടതും, ആസൂത്രണം മുതൽ പദ്ധതി നിർവ്വഹണം വരെയുള്ള സമയബന്ധിതമായ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-21 എസ്റ്റിമേറ്റ്റിപ്പോർട്ടുകൾ അപൂർണ്ണം-പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതെങ്ങിനെയെന്ന് വ്യക്തമല്ല.

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ പരിശോധനയിൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റിന്റെ അവിഭാജ്യ ഘടകമായ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയിരിക്കുന്നത് അപൂർണ്ണമായയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എല്ലാ പ്രൊജക്ടുകളുടേയും കാര്യത്തിൽ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ വിശദമാക്കിയിട്ടുണ്ട്. പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 1601.1.2(ii) ലും മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്തും ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നു. എന്നാൽ പ്രധാനമായും റോഡുകളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്.താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത ഈ റിപ്പോർട്ടുകൾ നല്കുന്നില്ല.

1. റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ

2. അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ

3. പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും

4. പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം ,മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ

5. പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ.

6. പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ്

7. മറ്റ് പ്രസക്തമായ കാര്യങ്ങൾ

കെട്ടിടങ്ങളുടെയും നിർമ്മിതിയുടേയും അറ്റകുറ്റപ്പണികളുടേയും കാര്യത്തിൽ മേൽ പോരായ്മകൾ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ കാണുന്നു. ഇപ്രകാരം പോരായ്മകൾ ഉള്ള എസ്റ്റിമേറ്റിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നല്കുന്നത് എപ്രകാരമെന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് എസ്റ്റിമേറ്റുകൾ മടക്കുന്നതായും കാണുന്നില്ല. അപൂർണ്ണമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കിവരുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. പ്രൊജക്ടുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമാകുക,പ്രൊജക്ട പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാകുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിയുന്നില്ല. ഭാഗിക നിർമ്മിതി മൂലം പ്രൊജക്ട് ലക്ഷ്യം കൈവരിക്കാനാവാതെ ഹ്രസ്വ കാലത്തേക്കോ , എന്നന്നേക്കുമായോ ധനനഷ്ടത്തിന് കാരണമാകുകയെന്ന ഗുരുതര വീഴ്ച ഇതുമൂലം സംജാതമാകുന്നുണ്ട്. സാങ്കേതികാനുമതി നല്കുമ്പോൾ തന്നെ എസ്റ്റിമേറ്റുകളുടെ സമഗ്രത ഉറപ്പുവരുത്തിയിരുന്നെങ്കിൽ മേൽ സാഹചര്യം ഒഴിവാക്കാമായിരുന്നു. എസ്റ്റിമേറ്റുകളുടെ സമഗ്രത സംബന്ധിച്ച സാങ്കേതികാനുമതി നല്കുന്ന ഉദ്യോഗസ്ഥന്റെ അജ്ഞതയ്ക്കുള്ള ഒരു കാരണം അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ടാണെന്നു കാണാം.കൂടാതെ, വരും വർഷങ്ങളിൽ പ്രൊജക്ടുകൾ പ്രകാരമുള്ള ആസ്തികളുടെ കാര്യത്തിൽ നടത്തേണ്ട ഇടപെടലുകളെ കുറിച്ച് അജ്ഞതയുണ്ടാകാനും അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇടയാക്കുന്നു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ ഈ വീഴ്ചകൾക്ക് കാരണം അസി. എഞ്ചിനീയറാകയാൽ അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ റിപ്പോർട്ടുകളുടെ കാര്യത്തിൽ കൃത്യത പുലർത്തേണ്ടതും മേൽ റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

# 1-22 കക്കംവെള്ളി അംഗൻവാടി കെട്ടിടം -നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രൊനം -210/19

എസ്റ്റിമേറ്റ് തുക-1750000/-

ആകെ പ്രവൃത്തിമൂല്യം -1297883/-

അവലസാനബിൽ തുക-299800/-(വൗ നം 13/19.5.18)

കക്കംവെള്ളി അംഗൻവാടിയ്ക്കായി ഇലക്ട്രിസിറ്റി, വെള്ളം ഉൾപ്പടെ എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊണ്ടുള്ള കെട്ടിട നിർമ്മാണത്തിനാണ് 17.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം

വാങ്ങിയത് .ഇലക്ട്രിഫിക്കേഷന് 170000/-രൂപയും കുഴൽ കിണറിന് 100000/-രൂപയും മോട്ടോർ സ്ഥാപിക്കുന്നതിന് 25000/-രൂപയും എസ്റ്റിമേറ്റിൽ ലംപ്സം പ്രൊവിഷനായി ഉൾപ്പെടുത്തുകയായിരുന്നു. ഇതിൽ മേല്പറഞ്ഞവയൊഴികെയുള്ള ഇനങ്ങൾ പെടുന്ന കെട്ടിടം പൂർത്തീകരിക്കുകയും അവസാനബിൽ തുക നല്കുകയും ചെയ്തുകൊണ്ട് പ്രൊജക്ട് അവസാനിപ്പിച്ചിരിക്കുകയാണ്. മേല്പറഞ്ഞ ഇനങ്ങൾക്ക് വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. കുടിവെള്ളവും കറന്റ് കണക്ഷനും അത്യാവശ്യഘടകങ്ങളായിരിക്കെ ഇവ നിർവ്വഹിക്കാത്തത് വീഴ്ചയാണ് .ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

മേൽകെട്ടിടത്തിനായി വകയിരുത്തിയ തുകയിൽ 765842/-രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നത് മെയിന്റനൻസ് നോൺ റോഡ് വിഹിതത്തിൽ നിന്നാണ്. ഇത്രയും തുക വിനിയോഗിച്ചിട്ടുമുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കാണ് മേൽ ഗ്രാന്റ് വിനിയോഗിക്കേണ്ടതെന്നിരിക്കെ തുക വകമാറ്റി ചെലവഴിച്ചതിനും വിശദീകരണം നല്കേണ്ടതാണ്. കൂടാതെ, പ്രവൃത്തി ഇ ടെണ്ടർ ചെയ്തതിനാൽ ,പങ്കെടുത്ത രണ്ട് പേരിൽ നിന്നും(അബ്രഹാം തോമസ്,തോമസ് പുല്ലാട്ട്) ടെണ്ടർ ഫീസ് ഇനത്തിൽ 2400/- രൂപ നിരക്കിൽ 4800/- സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. മേൽ തുക ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുമെന്നതിനാൽ തുക ഈടാക്കി സ്ഥാപനത്തിൽ ഒടുക്കിയോയെന്നും വിശദമാക്കേണ്ടതാണ്.

മേല്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.കൂടാതെ കെട്ടിടത്തിന് കറന്റ് കണക്ഷൻ കുടിവെള്ളം എന്നിവ ലഭ്യമാക്കിയും,തുക വകമാറ്റിയതിന് സർക്കാരിന്റെ അനുമതി വാങ്ങിയും ടെണ്ടർ ഫീസ് ഈടാക്കി അടവുവരുത്തിയും വിവരം അറിയിക്കേണ്ടതാണ് .

# 1-23 കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

നിർവ്വഹണം :അസി എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ 33 എണ്ണത്തിന് കരാർ വച്ചത് 2017 ഒക്ടോബർ മാസത്തിന് ശേഷമാണ്. 2017 ഒക്ടോബർ മാസത്തിന് മുമ്പ് തയ്യാറാക്കി അംഗീകാരം വാങ്ങിയ മേല്പറഞ്ഞ എല്ലാ പ്രവൃത്തികളുടേയും എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 1.4.17 മുതൽ പ്രാബല്യത്തിലുള്ള 42.16%നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത്. എന്നാൽ 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 38.24 % ആയി കുറഞ്ഞിരുന്നു. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികളെല്ലാം ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ ആധിക്യം ഉണ്ടാകുകയും, പ്രവൃത്തികളുടെ കാര്യത്തിൽ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു. ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന 33 പ്രവൃത്തികൾക്ക് ഇപ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി | കരാർ തീയതി | ആകെ ചെലവ് | അവസാന ബിൽ തുക,ബിൽ നം തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 172/19 മുണ്ടോള്ളതിൽ മുക്ക് അംഗൻവാടി പട്ടാറക്ഷേത്രം റോഡ് | 1.3.18 | 793981 | 793981/-<br>48/29.1.19 |
| 2 | 173/19കുഞ്ഞികാപ്പാരോട്ട് എളമ്പിലാച്ചേരി റോഡ് | 14.2.18 | 311714 | 311714/-<br>19/28.7.18 |
| 3 | 174/19തട്ടാന്റവിടമുക്ക് മൊയിലോത്ത്താഴ റോഡ് | 30.1.18 | 264735 | 264735/-<br>22/28.7.18 |
| 4 | 175/19 പറോളിമുക്ക് വിഷ്ണുമംഗലം ക്ഷേത്രം റോഡ് | 30.1.18 | 150896 | 150896/-<br>25/24.8.18 |
| 5 | 176/19 മര്യാട്ട് മുക്ക് മൂലപ്പൊയിൽ റോഡ് | 14.2.18 | 239197 | 239197/-<br>7/19.5.18 |
| 6 | 177/19 കളരിച്ചാലിൽ റോഡ് | 14.2.18 | 148148 | 148148/-<br>9/19.5.18 |
| 7 | 178/19 ഹസ്സനിയ മദ്രസ്സാ റോഡ് | 14.2.18 | 313960 | 313960/-<br>8/19.5.18 |
| 8 | 179/19 ചുണ്ടക്കുന്ന് റോഡ് | 14.2.18 | 350958 | 350958/-<br>85/20.3.19 |
| 9 | 180/19 പൗർണ്ണമി ചിറയിൽ റോഡ് | 20.2.18 | 325789 | 257802/-<br>76/14.3.19 |
| 10 | 181/19 മോച്ചംവീട്ടിൽ താഴ കൊയിലോത്ത് താഴ റോഡ് മെറ്റലിംഗ് ടാറിംഗ് | 30.1.18 | 556568 | 437568/-<br>26/14.8.18 |
| 11 | 182/19 കുറ്റിയിൽമുക്ക് അംഗൻവാടി അയിമ്പാടി റോഡ് | 1.3.18 | 537325 | 537325/-<br>90/21.3.19 |
| 12 | 183/19 വാണിയൂർ പാലോറ മുവ്വാച്ചേരി റോഡ് | 3.3.18 | 636001 | 636001/-<br>5/19.5.18 |
| 13 | 184/19 എടക്കണ്ടി കുരിപ്പറമ്പ് വലിയകനാൽ റോഡ് | 1.3.18 | 733185 | 733185/-<br>2/19.5.18 |
| 14 | 185/19പുത്തലത്ത് മുക്ക് കണ്ണംവെള്ളി താഴ റോഡ് | 1.3.18 | 799244 | 79925/-<br>33/31.10.18 |
| 15 | 187/19 ഓത്തിയിൽ മുക്ക് വിഷ്ണു മംഗലം സ്കൂൾ തൊണ്ടൻ കുളങ്ങര റോഡ് | 14.2.18 | 474000 | 474000/-<br>32/28.9.18 |
| | | | | |

| | | | | |
|---|---|---|---|---|
| 16 | 188/19 പുത്തലത്ത്മുക്ക് നാദാപുരം ഗവ.ആശുപത്രി റോഡ് | 19.2.18 | 602382 | 602382/-<br>24/28.7.18 |
| 17 | 189/19 മത്തിയിൽ വള്ളമ്പ്രത്ത് റോഡ് | 19.2.18 | 243032 | 243032/-<br>6/19.5.18 |
| 18 | 190/17 കോട്ടാലത്താഴ ക്ഷേത്രം ഇല്ലത്ത് മുക്ക് റോഡ് | 1.3.18 | 529682 | 529682/-<br>23/28.7.18 |
| 19 | 191/17 നടിച്ചാൽ മുക്ക് തട്ടാന്റവിട റോഡ് | 14.2.18 | 215945 | 215945/-<br>20/28.7.18 |
| 20 | 192/18 ആയാടത്തിൽ മുക്ക് പരപ്പന അമ്പലം റോഡ് | 14.2.18 | 120396 | 120396/-<br>11/19.5.18 |
| 21 | 195/19രാമത്ത് താഴ റോഡിൽ കലുങ്ക് നിർമ്മാണം | 30.1.18 | 72754 | 72754/-<br>72/12.3.19 |
| 22 | 196/19 കുന്നിയുള്ളതിൽ മുക്ക് വള്ളമ്പ്രത്ത്റോഡ് | 14.2.18 | 387462 | 387462/-<br>10/19.5.18 |
| 23 | 197/19കാളാച്ചേരി അംഗൻവാടി റോഡ് | 30.1.18 | 279184 | 268016-<br>69/12.3.19 |
| 24 | 198/19 ഇയ്യങ്കോട് ലിഫ്റ്റ് ഇറിഗേഷൻ | 23.3.18 | 59845 | 59845/-<br>15/18.6.18 |
| 25 | 201/19 തയ്യിൽമുക്ക് തെക്കയിൽ താഴ റോഡ് | 14.2.18 | 246047 | 246047/-<br>68/12.3.19 |
| 26 | 202/19കാരയിൽ കനാൽപാലം പുളിക്കൽ റോഡ് | 30.1.18 | 192212 | 192212/-<br>21/28.7.18 |
| 27 | 203/19 നാദാപുരം ഗവ.യു പി സ്കൂൾ അറ്റകുറ്റപ്പണികൾ | 28.3.18 | 292238 | 200000/-<br>30/18.8.18 |
| 28 | 204/19 ഈന്തുള്ളതിൽ കവുങ്ങും തോട്ടത്തിൽ റോഡ് | 1.3.18 | 252212 | 80788/-<br>18/29.6.18 |
| 29 | 205/19 മാലിന്യ സംസ്കരണപ്ലാന്റ് റോഡ് | 19.1.18 | 129850 | 129850/-<br>29/17.8.18 |
| 30 | 209/19കാളാച്ചേരി അംഗൻവാടി കെട്ടിട നിർമ്മാണം | 20.12,17 | 299800(part) | 299800/-<br>13/19.5.18 |
| 31 | 210/19 കക്കംവെള്ളി അംഗൻവാടി | 5.2.18 | 1297883/- | 299800/- |

| | | | | |
|---|---|---|---|---|
| | കെട്ടിടനിർമ്മാണം | | | 13/19.5.18 |
| 32 | 211/19 കല്ലാച്ചി പഴയ ട്രഷറി റോഡ് | 30.1.18 | 108087 | 108087/-<br>16/29.6.18 |
| 33 | 186/19 വെള്ളിയോടൻ കണ്ടി മുക്ക് ചമ്പോട്ടുമ്മൽ റോഡ് | 14.2.18 | 348382 | 313544/-<br>12/19.5.18 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും ഓരോ പ്രവൃത്തിയ്ക്കും കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ അനുവദിച്ച അധിക തുക കണക്കാക്കി കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം അസി. എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. പ്രഥമമറുപടിക്കൊപ്പം തുകയുടെ വിവരം അറിയിക്കേണ്ടതും പരാമർശം ഒഴിവാക്കേണ്ടതുമാണ്. തുക ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

# 1-24 മരാമത്ത് പ്രവൃത്തികൾ -വിവിധ നികുതികൾ ഈടാക്കുന്നതിലും സെക്യൂരിറ്റി നിക്ഷേപം സ്വീകരിച്ചതിലും അപാകത

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തി തുക നല്കിയ ചില പ്രവൃത്തികളുടെ കാര്യത്തിൽ ആദായ നികുതി , ജി. എസ്. ടി എന്നിവ ഈടാക്കുന്നതിൽ അപാകത സംഭവിച്ചിട്ടുണ്ട് . വിശദാംശം താഴെ കൊടുക്കുന്നു.

എ) <u>ആദായനികുതി ഈടാക്കിയത് കുറഞ്ഞ നിരക്കിൽ</u>

പ്രൊ.നം 139/19 – ഭണ്ഡാരം മുക്ക് പട്ടാരക്ഷേത്രം റോഡ്

എസ്റ്റിമേറ്റ് തുക – 110000/-

ആകെ മൂല്യം – 98348/-

വൗ നം – 51/29.1.19-98348/-രൂപ

നാദാപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തിയുടെ ബിൽതുകയിൽ നിന്നും 1% നിരക്കിൽ 983/- രൂപയാണ് ആദായനികുതി ഈടാക്കിയത്. വ്യക്തികൾ , ഹിന്ദുകുടുംബം എന്നിവർ കരാറുകാർ ആകുന്ന സംഗതികളിൽ മാത്രമാണ് നികുതി മേൽ നിരക്കിൽ ഈടാക്കേണ്ടത്. മറ്റുള്ളവരിൽ നിന്നും 2% നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതുണ്ട്. വീഴ്ചയ്ക്ക് വിശദീകരണം നല്കേണ്ടതും, കുറവുവന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

ബി) <u>ജി. എസ്. ടി കോമ്പൻസേഷൻ തുക അനുവദിച്ചു ,നികുതി കുറവുവരുത്തിയില്ല</u>

പ്രൊ നം 145/19 - ഏരത്ത് മുക്ക്മെന്മേനി റോഡ്

എസ്റ്റിമേറ്റ് തുക -200000/-

ആകെ മൂല്യം - 200000/-

വൗ നം - 60/23.2.19-200000/-

ശ്രീ അബ്രഹാം തോമസ് കരാർ എടുത്ത പ്രവൃത്തിയുടെ ആകെ മൂല്യം 197354/-രൂപയായിരുന്നു. ജി. എസ്. ടി കോമ്പൻസേഷനായി 3% തുക (5920/- രൂപ) ഇതോടൊപ്പം കൂട്ടി, ആകെ മൂല്യം 203274/-രൂപയായി കണക്കാക്കുകയും ഇത് പ്രൊജക്ട് തുകയായ 2ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി തുക നല്കുകയും ചെയ്തു. കോമ്പൻസേഷൻ തുക അനുവദിച്ചെങ്കിലും പ്രവൃത്തിയുടെ മൂല്യത്തിൽ നിന്ന് ജി എസ് ടി ഈടാക്കാതെയാണ് അവസാന ബിൽ തുക നല്കിയിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

സി).<u>പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിച്ചതിൽ അപാകത</u>

2017-18,18-19 വർഷങ്ങളിൽ കരാർ വച്ച വിവിധ പ്രവൃത്തികളുടെ പെർഫോമൻസ് ഗ്യാരണ്ടി സ്വീകരിച്ചത് (P) 429/15/fin dtd 28.9.15 നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെയാണ്. കരാർ തുകയുടെ 5% ആയ സെക്യൂരിറ്റി നിക്ഷേപത്തിന്റെ 50% ട്രഷറി നിക്ഷേപമായിരിക്കണമെന്ന് നിർദ്ദേശിക്കെ,സഹകരണ/നാഷണലൈസ്ഡ് ബേങ്കുകളുടെ നിക്ഷേപ സർട്ടിഫിക്കറ്റാണ് മുഴുവൻ തുകയ്ക്കും ഹാജരാക്കിയിരിക്കുന്നത്. (ഉദാ:പ്രൊ.നം.132/19, 64/19, 196/18) അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- ഇല്ല -

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പട്ടികജാതി വിഭാഗത്തിന് ഇരുചക്രവാഹനം നൽകൽ - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി

| | |
|---|---|
| പ്രോജക്ട് നം. | 38/ 19 |
| അടങ്കൽ | 400000/- |
| ഫണ്ട് | വികസനം (scp) |
| ചെലവ് | 265590/- |
| ബിൽ നം. തി. | 02/18-19 /22.11.2018 |

സ.ഉ.(കൈ)നം.22/2018/തസ്വഭവ.തി.14.02.2018ഖ.6-3(9) പ്രകാരം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട തൊഴിൽ രഹിതരോ ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ/അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയ ഗുണഭോക്താക്കൾക്ക് ഇരുചക്രവാഹനം വാങ്ങുന്നതിന് വിലയുടെ 50 ശതമാനം തുക സബ്സിഡി നൽകുന്നതിന് അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായാണ് പദ്ധതി നടപ്പാക്കിയത്. നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ധനസഹായം കൈപ്പറ്റിയതിൽ താഴെപ്പറയുന്ന 4 ഗുണഭോക്താക്കളുടെ പേരുകൾ ഗ്രാമസഭാ മിനുട്സിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | വാർഡ് | കൈപ്പറ്റിയ ധനസഹായം |
|---|---|---|
| ശ്യാമ പറമ്പത്ത് | 8 | 38882/- |
| സിനി.വി.കെ മാരാം വീട്ടിൽ | 15 | 26812/- |
| അർച്ചന വലിയപറമ്പത്ത് | 15 | 40184/- |
| അഭിനേഷ് മച്ചേരിക്കണ്ടി. | 14 | 31272/- |
| ആകെ | | 137150 |

ഗ്രാമസഭയിൽ നിശ്ചിത മാതൃകയിലുള്ള ഫോറത്തിൽ അപേക്ഷിച്ചവരിൽനിന്ന് അർഹതാ/ മുൻഗണനാ മാനദണ്ഡങ്ങൾ പരിഗണിച്ച് തയ്യാറാക്കിയ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് എന്നിരിക്കേ അപേക്ഷിക്കാത്തവരെ ഗുണഭോക്താവായി തെരഞ്ഞെടുക്കുകയാണുണ്ടായത്. 20.03.2019 ന് ചേർന്ന ഭരണസമിതിയുടെ അടിയന്തിരയോഗത്തിലെ 2/2 (2) ാം നമ്പർ തീരുമാനപ്രകാരം ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി സബിന.ബി. പള്ളിപ്രംവീട്ടിൽ, സിജി എം.കുളമുള്ളതിൽ, അഭിനേഷ് മച്ചേരിക്കണ്ടിയിൽ എന്നീ മൂന്ന് പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കാറായ ഘട്ടത്തിൽ ഗ്രാമസഭ യിലൂടെയല്ലാതെ ഭരണസമിതി നേരിട്ട് പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ശരിയായ നടപടിയല്ല.

2. ഗുണഭോക്താക്കൾ ഇരുചക്ര വാഹനമുപയോഗിച്ച് ഉപജീവനമാർഗ്ഗം കണ്ടെത്തുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ട്.എന്നാൽ ഗുണഭോക്താക്കൾ ഏതെങ്കിലും തരത്തിലുള്ള തൊഴിലുകളിൽ ഏർപ്പെടുന്നുണ്ടോ എന്ന കാര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല.

3. വാർഡ് 4 ലെ ഗ്രാമസഭാ മിനുട്സിൽ ക്രമനമ്പർ 8 ആയി ഉൾപ്പെട്ട സബിന.ബി പള്ളിപ്രംവീട്ടിൽ എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ ലിസ്റ്റിൽ മുന്നിലുള്ള 7 ഗുണഭോക്താക്കളെ പരിഗണിക്കാതെ 8 ാം നമ്പർകാരിയെ ഗുണഭോക്താവായി തെരഞ്ഞടുക്കുകയാണുണ്ടായത്.

4. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ പട്ടികജാതി വിഭാഗങ്ങളുടെ വിവിധ അടിസ്ഥാന-ഭൗതികസൗകര്യങ്ങളുടെ അഭാവത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ ഓഡിറ്റ് വർഷം നടപ്പാക്കിയതായി കാണുന്നില്ല. ഇതിന് പകരം താരതമ്യേന കുറഞ്ഞ എണ്ണം ഗുണഭോക്താക്കൾക്ക് ആനുകൂല്യം

നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പാക്കിയത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ഇത് സംബന്ധിച്ച് ചർച്ചകൾ നടന്നതായി കാണുന്നില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് ചെലവഴിച്ച തുകയിൽ 137150/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ഈ തുക ഉത്തരവാദികളായവരിൽനിന്ന് തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 11/08/2019 മുതൽ 12/08/2019 വരെ | നം.കെ.എസ്.എ.കെ.കെ.ഡി/ഇ2/887/ 2019(43) തീ.07/08/2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 1500000 | വയോജനപാർക്ക് | 1500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | കിണർ റീചാർജിംഗ് | 64800 | 335200 |
| ജില്ലാപഞ്ചായത്ത് | 2018-19 | 125000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 125000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 64800 | കിണർ റീചാർജിംഗ് | 64800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 125000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 125000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 863321 | ലൈഫ് ഭവനനിർമാണം | 863321 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1000000 | ബഡ്സ് സ്കൂൾ കെട്ടിടനിർമാണം | 0 | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ലൈഫ് ഭവനനിർമാണം | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 600000 | മിൽക്ക് ഇൻസെന്റീവ് | 600000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 10105896 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 322/2010 dt.24/01/2010 | 12812275 | 1229636 | 1229636 | - | 0 |
| നാദാപുരം ഗ്രാമ പഞ്ചായത്ത് ഓഡിറ്റോറിയം നിർമാണം | 1130/14 dt.13.05.2014 | 22500000 | 14962216 | 3204580 | 1546990 | 11757636 |
| ലൈഫ്ഭവന നിർമ്മാണം | 68/2018 തസ്വഭവ തീ.18/05/2018 | 5940000 | 0 | 0 | 0 | 5940000 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000.00 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന തുക | 5000.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം സഹകരണ ആശുപത്രി ഷെയർ | ലഭ്യമല്ല | ലഭ്യമല്ല | 5000 | - |
| ആകെ | | | | 5000 | - |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 21 | 2003-04 | 11.13.7.1 | നികുതി പിരിവിൽ അംഭാവം | ലഭ്യമല്ല |
| 1999-2000 | ഭാഗം 1 | 2003-04 | 11.14 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - അപാകത | ലഭ്യമല്ല |
| 2001-02 | | 2004-05 | 11.1.3.27 | നികുതി കുടിശ്ശിക | ലഭ്യമല്ല |
| 2000-01 | 9 | 2004-05 | 11.1.6.2 | സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല | ലഭ്യമല്ല |
| 2002-03 | 3-11 | 2005-06 | 1.70.1.1.16 | റോഡ് നിർമാണ പ്രവൃത്തികൾ | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 3-6 | 2005-06 | 2.7.1.4.7 | ഭവനനിർമ്മാണം | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 3-11, 3-12 | 2005-06 | 2.70.1.9.16 | പെൻഷൻ/ വേതനം അപാകതകൾ | ഒഴിവാക്കാൻ ശുപാർശ |
| 2002-03, 2003-04 | ഭാഗം 1 | 2005-06 | 2.70.1.11.13 2.70.1.11.17 | കൃഷി ഓഫീസർ/ നിർവ്വഹണ ഉദ്യോഗസ്ഥൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | ഒഴിവാക്കാൻ ശുപാർശ 20 |
| 2002-03 | - | 2005-06 | 2.70.1.14.25 | നികുതി പിരിവിൽ അംഭാവം | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 22 സി (എ) | 2005-06 | 2.71.1 | തൊഴിൽനികുതി എഴുതി തള്ളി | ഒഴിവാക്കാൻ ശുപാർശ |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ | - |
| 2015-16 | 2-7 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി അപാകതകൾ | - |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | ഇല്ല | | | | | |

<u>(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

- ഇല്ല -

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 97628145.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84251896.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 137150.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 800000.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 137150.00 | ദിലീപ് ബി<br>അസി.സെക്രട്ടറി |
| 3-2 | - | 482674 | വി.അജിത്കുമാർ ,<br>അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|
| | | |

| ഖണ്ഡിക നമ്പർ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 800000.00 | അനുപമസുഗതൻ,<br>ഡി.ഇ.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-24 | 983 .00 ( ആദായനികുതി) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദിലീപ് ബി<br>അസി.സെക്രട്ടറി | ജെ.എസ്,<br>നാദാപുരം ഗ്രാമപഞ്ചായത്ത് | ഇലഞ്ഞിവേലി<br>മുട്ടം പി.ഒ<br>ഹരിപ്പാട്<br>ആലപ്പുഴ<br>ഫോൺ-9961321152 |
| അനുപമസുഗതൻ<br>ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ<br>കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | അനുനിവാസ്<br>പുത്തൻകുളങ്ങര<br>പി.ഒ-കരിമ്പാലൂർ |
| വി.അജിത്കുമാർ ,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>വാണിമേൽ ഗ്രാമ പഞ്ചായത്ത് | ശ്രീലക്ഷ്മി<br>വെസ്റ്റ്ഹിൽ<br>കോഴിക്കോട്<br>ഫോൺ-9495639749 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1992-93<br>1993-94 | എൽ.എഫ്. കെ.കെ.ഡി.പി6/ 189/09തീ.03/06/2010 | 4 | 21,22(2),35,37 |
| 2007-08 | എൽ.എഫ്. കെ.കെ.ഡി.പി6/ 4/85/2010 തീ.28/10/10 | 14 | 2(1),2-2,3-2,3-3,<br>3-4,3-4(2),3-<br>5,3-6,<br>3-7,3-8,3-9,3-<br>20,<br>3-21(2),(4) |
| 2008-09 | എൽ.എഫ്. കെ.കെ.ഡി.പി 11/173/2013 തീ.02/04/13 | 6 | 3-7, 3-11(2),<br>3-11(3), 3-17,<br>3-21, 3-19 |
| 2009-10 | എൽ.എഫ്. കെ.കെ.ഡി.പി 11/ 165/2013 തീ.05/06/13 | 8 | 2-2,3-3,3-4(1),<br>(2),<br>3-5,3-6,3-7,4-7 |
| 2010-11 | എൽ.എഫ്. കെ.കെ.ഡി.പി 11/ 166/2013 തീ.2/05/13 | 9 | 3-2(1),3-5,3-<br>6(1-3),<br>3-7(1-7), 3-8,3-<br>9,4-7 |
| 2011-12 | എൽ.എഫ്. കെ.കെ.ഡി.പി 9/ 1117/2018 തീ.14/11/18 | 6 | 2-2,3-1,3-12,<br>3-13,4-5,4-7 |
| 2012-13<br>2013-14 | എൽ.എഫ്. കെ.കെ.ഡി.പി 9/ 1117/2018 തീ.14/11/18 | 16 | 2-1,3-2,3-3,3-5,<br>3-6,3-7,3-10,<br>3-11,3-12,3-13,<br>3-15,3-16,3-18,<br>4-1,4-9,4-11 |
| 2015-16 | എൽ.എഫ്. കെ.കെ.ഡി.പി9/ | 45 | 2(1,2,3,4,5,6,7,8, |

| | | | |
|---|---|---|---|
| | 521/2017 തീ.17/01/18 | | 9,10,11,12,13,14), 3(1,2,3,4,5)3-8, 3-9,3-12,3-13, 3-14,3-15,3-16,3-17, 3-18,3-19,3-20,3-21, 3-22,3-23,3-24, 3-25,3-26, 3-27, 3-28,3-29,3-30, 3-31,3-32,3-33, 3-34,3-36 |
| 2016-17 | എൽ.എഫ്. കെ.കെ.ഡി.പി 6/ 2131/2017 തീ.22/01/18 | 25 | 2-1(1,3,4,5), 2-(2,3,4,5),3-2,3-3, 3-4,3-5,3-6,3-7, 3-8,3-9,3-10, 3-12,3-14, 3-15,3-16, 3-17(1,2),3-19, 3-21,3-23,3-24 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി9/268/2019തീ 26/03/2019 | 24 | |

ഡെപ്യൂട്ടി ഡയരക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം-1

നം:കെ.എസ്.എ.കെ.കെ.ഡി./പി.9 /1596 /2019 തിയതി 07.11.2019

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4,1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 31.03.2019 -ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-5 കാണുക) ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.